പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3604 08.11.2019-ലെ മറുപടിക്ക്

## വളാഞ്ചേരി വട്ടപ്പാറ വളവിലെ അപകടം ഒഴിവാക്കാൻ പദ്ധതി

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

മറുപടി

ശ്രീ. എ.കെ.ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വളാഞ്ചേരി വട്ടപ്പാറ വളവിൽ സ്ഥിരമായി അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ അപകടങ്ങൾ ഒഴിവാക്കുവാനായി ഗതാഗത വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 1. വട്ടപ്പാറ വലിയ വളവിന് മുകളിലുള്ള ചെറിയ വളവ് നിവർത്തുവാൻ വേണ്ടി നിലവിലുള്ള സർക്കാർ സ്ഥലവും സ്വകാര്യ വ്യക്തി വിട്ടുതരാമെന്ന് സമ്മതിച്ചിട്ടുള്ള സ്ഥലവും ഏറ്റെടുത്ത് ചെറിയ വളവ് നിവർത്തുവാൻ വേണ്ട പ്രൊപ്പോസൽ പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.<br>2. 24 മണിക്കൂറും ബോധവൽക്കരണം നടത്തത്തക്ക രീതിയിൽ ഹോം ഗാർഡുകളെ വളവിനു മുമ്പ് ഡ്യൂട്ടിക്ക് നിർത്താൻ പോലീസ് ഡിപ്പാർട്ട്മെന്റിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.<br>3. ചെറിയ വളവിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന ഒരു ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യുന്നതിന് വൈദ്യുത വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4. പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.<br>5. കാഴ്ചയെ മറയ്ക്കുന്നതരത്തിലുള്ള പരസ്യബോർഡുകൾ നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാന ഗതാഗത അതോറിറ്റി ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് വേണ്ട നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | റോഡ് സുരക്ഷ സംബന്ധിച്ച വിഷയങ്ങൾ സംസ്ഥാന ഗതാഗത അതോറിറ്റി (State Transport Authority)കൈകാര്യം ചെയ്യുന്നില്ല. |
| (ഡി) | 2017-18, 2018-19, 2019-20 വർഷം സംസ്ഥാന ഗതാഗത അതോറിറ്റി കേന്ദ്രത്തിന് | | |

| | | | |
|---|---|---|---|
| | നൽകിയ പദ്ധതികൾ ഏതെല്ലാം; എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ; | | |
| (ഇ) | വളാഞ്ചേരി വട്ടപ്പാറ മേഖലയ്ക്ക് വേണ്ടി പുതിയ പദ്ധതി തയ്യാറാക്കി കേന്ദ്ര മന്ത്രാലയത്തിന് അയക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ഇ) | ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നാഷണൽ ഹൈവേ ഗതാഗത മന്ത്രാലയം ചീഫ് എഞ്ചിനീയറുടെ ശ്രദ്ധയിൽപെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ